(എ) ആലപ്പുഴ മെഡിക്കൽ കോളേജിലെ ക്യാൻസർ ചികിത്സാ വിഭാഗത്തിൽ റേഡിയേഷൻ ട്രോളിയിൽനിന്ന് വീണ് രോഗി മരിക്കാനിടയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) സംഭവത്തെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ട് ലഭ്യമായോ; വിശദാംശം നൽകുമോ ;

(ഡി) മരണപ്പെട്ട രോഗിയുടെ കുടുംബത്തിന്റെ പരാതികൾ ആശുപത്രി അധികൃതർക്കോ, സർക്കാരിനോ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഇ) മരിച്ചയാളിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ആശുപത്രി അധികൃതർക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**കാഞ്ഞങ്ങാട് മലേറിയ വാഹക ലാർവകൾ**

**48 (4851)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാഞ്ഞങ്ങാട്, കാസർകോട് നഗരങ്ങളിൽ മലേറിയ വാഹകരായ കൊതുകുകളുടെ ലാർവകൾ കണ്ടെത്തി എന്ന ആരോഗ്യവകുപ്പിന്റെ റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് പറയാമോ ;

ഉത്തരം

കാഞ്ഞങ്ങാട് കാസർഗോഡ് മുനിസിപ്പാലിറ്റി പ്രദേശത്തുനിന്നും ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് നടത്തിയ സർവ്വേയിൽ മലമ്പനിക്ക് കാരണമാകുന്ന അനോഫിലിസ് കൊതുകിന്റെ കൂത്താടികളെ കണ്ടെത്തിയിട്ടുണ്ട്. രോഗ നിയന്ത്രണത്തിന്റെ ഭാഗമായി ജനുവരി മാസം മുതൽ തന്നെ ജില്ലയിലെ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളിലും നഗരസഭകളിലും രോഗനിരീക്ഷണം, കൊതുക് നശീകരണം എന്നിവ നടത്തിവരുന്നു. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ മാർച്ച് മാസം മുതൽ തന്നെ മുനിസിപ്പൽതല കർമ്മ പരിപാടികൾ ആവിഷ്കരിച്ചു. ഡി.വി.സി. യൂണിറ്റ് കാഞ്ഞങ്ങാട്, ഫീൽഡ് സ്റ്റേഷൻ, സി.എച്ച്.സി. പെരിയ(അർബൻ), പി.പി. യൂണിറ്റ്, ജില്ലാ ആശുപത്രി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ വാർഡ്തല ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. കഴിഞ്ഞ കാലങ്ങളിൽ മലമ്പനി റിപ്പോർട്ട് ചെയ്ത മുനിസിപ്പൽ തീരദേശ വാർഡുകളിൽ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് പ്രത്യേക സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ തീരദേശ വാർഡുകളിൽ (ആവിക്കര മീനാപ്പീസ് കടപ്പുറം) മലമ്പനിക്ക് കാരണമായ അനോഫിലിസ് കൊതുകിന്റെ കൂത്താടികൾ കണ്ടെത്തിയിരുന്നു. പ്രസ്തുത വിവരം മുനിസിപ്പൽ അധികൃതരെ അറിയിക്കുകയും 8-6-2015-ന് മീനാപ്പീസ് കടപ്പുറത്ത് മാസ് കാമ്പെയിൻ നടത്തുകയും ചെയ്തു. പ്രസ്തുത പരിപാടിയിൽ ആരോഗ്യ വകുപ്പ് പ്രവർത്തകർ, ആശാ വോളന്റിയർമാർ, മുനിസിപ്പൽ ജീവനക്കാർ, വിവിധ ക്ലബ് പ്രവർത്തകർ എന്നിവർ ഉൾപ്പെട്ട ടീം പ്രദേശത്തെ ടാങ്കുകൾ പരിശോധിച്ച് ഡി-വാട്ടറിംഗ് നടത്തി. കിണറുകളിൽ ഗപ്പി മത്സ്യനിക്ഷേപം, അതുപ്പോലെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തുകയുണ്ടായി. ഇതര സംസ്ഥാന തൊഴിലാളികളുടെ സ്ക്രീനിംഗ്, കൊതുക്-കൂത്താടി നശീകരണ പ്രവർത്തനങ്ങൾ ബോധവൽക്കരണ പ്രവർത്തനങ്ങൾ, എന്നിവ അവർ താമസിക്കുന്ന സ്ഥലങ്ങളിൽ നടത്തിയിട്ടുണ്ട്. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി പ്രദേശത്ത് നിന്നും ഈ വർഷം രണ്ട് മലമ്പനി കേസ്സുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്തത്. കാസർഗോഡ് മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ കൊതുക്, കൂത്താടി നശീകരണ പ്രവർത്തനങ്ങൾ കാലാനുസൃതമായി നടന്നു വരുന്നു രോഗബാധ സംശയിക്കുന്ന പ്രദേശങ്ങളിൽ സിന്തറ്റിക് പൈറിത്രോയിഡ് ഉപയോഗിച്ചുകൊണ്ടുള്ള ഇൻഡോർ റസിഡ്യൂവൽ സ്പ്രേയിംഗ് നടത്തിയിട്ടുണ്ട്. കസബ, അടുക്കത്ത്ബയൽ, കടപ്പുറം പ്രദേശങ്ങളിലെ മുഴുവൻ വീടുകളിലും ഐ.ആർ.എസ്. നടത്തിയിട്ടുണ്ട്. കൂടാതെ കൂത്താടിഭോജി മത്സ്യമായ ഗപ്പിയെ തീരദേശ പ്രദേശത്തെ എല്ലാ കിണറുകളിലും നിക്ഷേപിച്ചിട്ടുണ്ട്. ഉപയോഗ ശൂന്യമായ കിണറുകളിലും ജലാശയങ്ങളിലും ഡി.വി.സി. യൂണിറ്റിന്റെ നേതൃത്വത്തിൽ ടെമിഫോസ് ഉപയോഗിച്ചുകൊണ്ടുള്ള കൂത്താടി നശീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നു. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ സ്ക്രീനിംഗ്, കൊതുക്-കൂത്താടി

LIBRARY ARCHIVES Kerala Legislative Assembly

നശീകരണ പ്രവർത്തനങ്ങൾ ശക്തമായിത്തന്നെ നടത്തിവരുന്നു. ഇതര വകുപ്പുകളുടെ സഹകരണവും പൊതുജന പങ്കാളിത്തവും കൊതുക് നിയന്ത്രണ പ്രവർത്തനങ്ങൾക്ക് അനിവാര്യമാണ്. ഇതിന് വേണ്ടിയുള്ള പ്രത്യേക മീറ്റിംഗുകളും അവലോകന യോഗങ്ങളും നിരീക്ഷണ പ്രവർത്തനങ്ങളും നടന്നുവരുന്നു. കൂടാതെ കൊതുക് കടിയേല്ക്കാതിരിക്കാനുള്ള വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും ആരോഗ്യ സന്നദ്ധ പ്രവർത്തകർവഴി നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി മലമ്പനിരോഗം പൂർണ്ണമായും നിയന്ത്രണ വിധേയമാക്കുവാൻ സാധിച്ചിട്ടുണ്ട്.

## മലപ്പുറത്തെ പബ്ലിക് ഹെൽത്ത് ലാബിന്റെ പ്രവർത്തനം

**49 (T4852)** ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറത്ത് അനുവദിച്ച പബ്ലിക്ക് ഹെൽത്ത് ലാബിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത കേന്ദ്രം താൽക്കാലിക കെട്ടിടത്തിൽ ആരംഭിക്കുന്നതിന് ഇനിയും എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തേണ്ടത് ; വിശദാംശം നൽകുമോ ;

(സി) ഇതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നടപടിക്രമങ്ങൾ പൂർത്തിയാക്കി ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മലപ്പുറം സിവിൽ സ്റ്റേഷനിൽ പബ്ലിക് ഹെൽത്ത് ലാബിന് അനുവദിച്ച കെട്ടിടത്തിന് 22 ലക്ഷം രൂപയുടെ നവീകരണ പ്രവൃത്തികൾ നടത്തി ലാബിന് അനുയോജ്യമായി ക്രമീകരിക്കുകയും കെട്ടിടം പൂർത്തീകരിച്ച് താക്കോൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേന്ദ്രത്തിന് അനുവദിച്ചത് താൽക്കാലിക കെട്ടിടമല്ല. സിവിൽ സ്റ്റേഷനിലെ പഴയ കൃഷി ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടമാണ് ജില്ലാ കളക്ടർ പബ്ലിക് ഹെൽത്ത് ലാബിനുവേണ്ടി അനുവദിച്ചിരിക്കുന്നത്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു



LIBRARY ARCHIVES Kerala Legislative Assembly